പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1489 | 06.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സ്ഥലം മാറ്റം

ചോദ്യം | ഉത്തരം

ശ്രീ. സി.മമ്മൂട്ടി | എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

<table>
<tr><td>(എ)</td><td>കെ.എസ്.ആർ.ടി.സി യിൽ ജോലി ലഭിച്ച നാൾ മുതൽ സ്ഥലം മാറ്റം ലഭിക്കാത്ത എത്ര മിനിസ്റ്റീരിയൽ സ്റ്റാഫംഗങ്ങൾ ഉണ്ട്;</td><td>(എ)</td><td>613 മിനിസ്റ്റീരിയൽ സ്റ്റാഫംഗങ്ങൾ ഉണ്ട്.</td></tr>
<tr><td>(ബി)</td><td>കെ.എസ്.ആർ പ്രകാരം സർക്കാരിലും, സർക്കാർ നിയന്ത്രണത്തിലുള്ള മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും സ്ഥലംമാറ്റം നടക്കുന്നുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി യിൽ മാത്രം സി.എം.ഡി. ഓഫീസിൽ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് സ്ഥലം മാറ്റം ഉണ്ടാകാത്തതിനുള്ള കാരണം എന്താണ്;</td><td rowspan="3">(ബി) യും (സി) യും (ഡി) യും</td><td rowspan="3">കെ.എസ്.ആർ.ടി.സി.യിൽ ജോലി ലഭിച്ച നാൾ മുതൽ സ്ഥലംമാറ്റം ലഭിക്കാത്ത 613 മിനിസ്റ്റീരിയൽ ജീവനക്കാരുണ്ട്. ടി ജീവനക്കാരിൽ ഭൂരിപക്ഷം പേരും പുതുതായി നിയമനം ലഭിച്ചവരാണ്. ആയതിനാൽ ടി ജീവനക്കാരിൽ നിന്നും അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക്, അപേക്ഷയുടെ സാധുത പരിശോധിച്ച് അർഹതയുണ്ടെങ്കിൽ സ്ഥലംമാറ്റം നൽകാറുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ എല്ലാ വിഭാഗം ജീവനക്കാർക്കും മാനദണ്ഡം അനുസരിച്ചുള്ള സ്ഥലംമാറ്റം നൽകാറുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന മുഖ്യ കാര്യാലയത്തിലും ഒഴിവ് വരുന്ന മുറയ്ക്ക് അപേക്ഷകൾ സ്വീകരിച്ച് അർഹതപ്പെട്ടവരെ നിയോഗിക്കാറുണ്ട്.</td></tr>
<tr><td>(സി)</td><td>സ്ഥലംമാറ്റം നടക്കാത്തതുമൂലം കെ.എസ്.ആർ.ടി.സി - യുടെ പ്രവർത്തനോൽപ്പാദന മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായെന്ന് വിശദീകരിക്കാമോ;</td></tr>
<tr><td>(ഡി)</td><td>കെ.എസ്.ആർ.ടി.സി യിലെ കണ്ടക്ടർമാരെയും, ഡ്രൈവർമാരെയും, മെക്കാനിക്കുകളെയും സ്ഥലം മാറ്റുന്നതോടൊപ്പം മിനിസ്റ്റീരിയൽ ജീവനക്കാരുടെയും സ്ഥലം മാറ്റം അനിവാര്യമാക്കുന്നതിനും ഉന്നത ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവരുടെ ഓഫീസുകളിൽ മറ്റ് ജീവനക്കാർക്കും പ്രവർത്തനാവസരം നൽകുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ